കല്ലുവാതുക്കൽ-വേളമാനൂർ, പരവൂർ-നെല്ലേറ്റിൽ റോഡുകളുടെ പുനരുദ്ധാരണം

66 [5045] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലുവാതുക്കൽ-വേളമാനൂർ റോഡ്, പരവൂർ-നെല്ലേറ്റിൽ റോഡ് എന്നീ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുമോ;

(ബി) എങ്കിൽ എന്ന് പൂർത്തിയാക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ , ബി) ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മണ്ണന്തല-വെമ്പായം-തൈക്കാട് റോഡ് പുനരുദ്ധാരണം

67 [5046] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ മണ്ണന്തല-വെമ്പായം-തൈക്കാട് റോഡിന്റെ ലോകബാങ്ക് സഹായത്തോടെയുള്ള പുനരുദ്ധാരണ പ്രവർത്തനത്തിന് എത്ര കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(ബി) എത്ര കിലോമീറ്റർ ദൂരമാണ് പ്രസ്തുത പദ്ധതിയിലുള്ളത്;

(സി) എന്തെല്ലാം പ്രവൃത്തികൾ നടത്തുന്നതിനുവേണ്ടിയാണ് തുക അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ നിർദ്ദേശിച്ചിരുന്ന പ്രവൃത്തികൾ പൂർണ്ണമായും നടത്തിയിട്ടില്ലെന്നുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) റോഡ് നിർമ്മാണത്തിൽ ക്രമക്കേട് ഉണ്ടെന്ന് കാണിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ പരാതിയിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ജി) ഇത് സംബന്ധിച്ച് അന്വേഷണം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 5 കോടി 39 ലക്ഷം രൂപ.

(ബി) 15 കി. മീ.

(സി) നിലവിലുള്ള റോഡ് ബലപ്പെടുത്തൽ, ഡ്രെയിനേജ് പണികൾ, റോഡ് മാർക്കിംഗ്, സൈൻബോർഡ് സ്ഥാപിക്കൽ എന്നീ പണികൾക്ക്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ റോഡിന്റെ നിർമ്മാണ ജോലികൾ അന്തിമഘട്ടത്തിലാണ്.

(ഇ) ലഭിച്ചിട്ടില്ല.

(എഫ്) ഉദിക്കുന്നില്ല.

(ജി) ഉദിക്കുന്നില്ല.

ഒഴിഞ്ഞുകിടക്കുന്ന പഴയ കോടതി കെട്ടിടങ്ങൾ പി.പി.മാർക്ക് നൽകുന്നതിന് നടപടി

68 [5047] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുൻസർക്കാരിന്റെയും നടപ്പു സർക്കാരിന്റെയും കാലത്ത് വിവിധ കോടതികളുടെ പ്രവർത്തനങ്ങൾക്കായി എത്ര കെട്ടിടങ്ങൾ നിർമ്മിച്ച് അവയുടെ പ്രവർത്തനം ആരംഭിക്കുകയുണ്ടായി; ഗവൺമെന്റ് തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) പുതിയ കെട്ടിടങ്ങളിൽ കോടതികൾ പ്രവർത്തിച്ചു തുടങ്ങിയപ്പോൾ പഴയ കോടതി കെട്ടിടങ്ങളിൽ വകുപ്പ് എന്ത് പ്രവർത്തനങ്ങൾ നടത്തുന്നു എന്നും എത്ര കെട്ടിടങ്ങൾ വകുപ്പിൻകീഴിൽ ഒഴിഞ്ഞു കിടക്കുന്നു എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കെട്ടിടങ്ങൾ ഒഴിഞ്ഞുകിടക്കുമ്പോൾ അവിടങ്ങളിൽ വർക്കു ചെയ്യുന്ന ജുഡീഷ്യൽ ഉദ്യോഗസ്ഥരിൽ എത്രപേർ എവിടെയെല്ലാം വാടകകെട്ടിടങ്ങളിൽ താമസിക്കുന്നു; ഇതിനായി എത്ര തുക മാസാമാസം വാടകയിനങ്ങളിൽ ചെലവഴിക്കുന്നു;

(ഡി) പബ്ലിക് പ്രോസിക്യൂട്ടർമാർക്ക് പ്രത്യേക സ്ഥലസൗകര്യം കോടതികളിൽ നൽകാൻ ഇപ്പോൾ എന്തു വ്യവസ്ഥകളാണുള്ളത്; വ്യവസ്ഥകൾ സംബന്ധിച്ച ഡയറക്ഷനുകൾ ലഭ്യമാക്കുമോ;

(ഇ) ഒഴിഞ്ഞുകിടക്കുന്ന പഴയ കോടതി കെട്ടിടങ്ങൾ സ്ഥലം ആവശ്യമുള്ള പി.പി.-മാർക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുമോ?

ഉത്തരം

(എ) മുൻസർക്കാരിന്റെ കാലത്ത് കാസർഗോഡ്, കോഴിക്കോട്, തൊടുപുഴ. ഈ സർക്കാരിന്റെ കാലത്ത് ആലപ്പുഴ, നെയ്യാറ്റിൻകര, 27 ഫാസ്റ്റ് ട്രാക്ക് കോടതി കെട്ടിടങ്ങൾ.

(ബി) പുതിയ കെട്ടിടങ്ങളിൽ പ്രവർത്തനമാരംഭിച്ച കോടതികൾ പലതും വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചിരുന്നവയാണ്. കൂടാതെ ഒഴിവു വന്ന കെട്ടിടങ്ങളിൽ മറ്റു കോടതികൾ മാറ്റി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ നീതിന്യായ വകുപ്പിന്റെ അധീനതയിൽ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങൾ ഒന്നും തന്നെ നിലവിലില്ല.

(സി) ബാധകമല്ല.

(ഡി) മതിയായി സൗകര്യമുണ്ടെങ്കിൽ മിക്കവാറും എല്ലാ സ്ഥലങ്ങളിലും കോടതി കെട്ടിടത്തിൽ തന്നെ പബ്ലിക് പ്രോസിക്യൂട്ടർമാർക്ക് സൗകര്യം ലഭ്യമാക്കാറുണ്ട്.

(ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly